കോഴിക്കോട് ജില്ലയിൽ 'നബാർഡ്' സഹായം അനുവദിച്ച ആശുപത്രികൾ

145 (1614) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ 'നബാർഡ്' സഹായം അനുവദിച്ച ആശുപത്രികൾ എത്ര ;

(ബി) അവയുടെ പേരും മണ്ഡലവും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആശുപത്രികൾ ഓരോന്നിനും അനുവദിച്ച തുക എത്ര വീതമാണെന്ന് പറയാമോ ;

(ഡി) പ്രസ്തുത തുക ഉപയോഗിച്ച് ചെയ്യാനുദ്ദേശിക്കുന്ന പ്രവൃർത്തികൾ എന്തൊക്കെയാണ് ;

(ഇ) ആയതിനുമേലുള്ള പ്രവൃർത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നബാർഡ് സഹായത്തിനായി 51 ആശുപത്രികൾക്കുള്ള നിർദ്ദേശങ്ങളടങ്ങിയ അപേക്ഷ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി നബാർഡിലേയ്ക്കയച്ചിട്ടുണ്ട്. അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) വിശദാംശങ്ങളടങ്ങിയ പട്ടിക *അനുബന്ധമായി ചേർക്കുന്നു.

(സി) നബാർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമേ ധനസഹായം എത്ര വീതമാണെന്ന് അറിയാൻ കഴിയുകയുള്ളൂ.

(ഡി) ആശുപത്രികൾക്കുള്ള കെട്ടിട നിർമ്മാണം, ചുറ്റുമതിലുകൾ, കിണറുകൾ മുതലായവയുടെ നിർമ്മാണം, ആശുപത്രി ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണ്.

(ഇ) നബാർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളും മറ്റും ആരംഭിക്കാൻ കഴിയും.

(എഫ്) നബാർഡിൽനിന്നും ധനസഹായം അനുവദിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly